**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1175** **06-02-2023 - ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനക്ഷേമം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവജനക്ഷേമം ലക്ഷ്യമാക്കി കേരളോത്സവം, ടീം കേരള (വോളന്ററി ആക്ഷൻ ഫോഴ്സ്), അഡ്വഞ്ചർ ആക്ടിവിറ്റീസ്(ട്രക്കിംഗ്, സാഹസിക ക്യാമ്പ്, സാഹസിക കാർണിവൽ, അമ്പെയ്ത്ത് പരിശീലനം, ബീച്ച് ഫെസ്റ്റ്), യുവമാധ്യമ പ്രവർത്തക ക്യാമ്പ്, യുവസാഹിത്യ ക്യാമ്പ്, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, അവളിടം യൂത്ത് ക്ലബ്ബ് - യുവാക്ലബ്ബ് (ധനസഹായ വിതരണം), കതിർ കാർഷിക ക്ലബ്ബ്, ഫ്ലാറ്റ് ക്ലബ്ബ്, ട്രൈബൽ സ്പോർട്സ് ക്ലബ്ബ്, വിവാഹ കൗൺസിലിംഗ് ക്ലാസ്സുകൾ, ലഹരിവിരുദ്ധ ക്യാമ്പയിൻ, ഫിഫ വേൾഡ് കപ്പ് - ബിഗ് സ്ക്രീൻ പ്രദർശനം, മത്സര പരീക്ഷാ പരിശീലനം, മണിനാദം (നാടൻ പാട്ട് മത്സരം), കായിക വികസന പ്രവർത്തനങ്ങൾ (സെവൻസ് ഫുട്ബോൾ, കബഡി, വോളിബോൾ മത്സരങ്ങൾ), ട്രാൻസ്ജൻഡേഴ്സ് ശാക്തീകരണം, ഷോർട്ട് ഫിലിം ഡോക്യുമെന്ററി ഫെസ്റ്റിവൽ, ശാസ്ത്ര ക്വിസ്, മാരിവില്ല് ഫെസ്റ്റ് (ട്രാൻസ്ജെൻഡേഴ്സ് ഫെസ്റ്റ്), ട്രൈബൽ സ്പോർട്സ് മത്സരങ്ങൾ , ഓൺലൈൻ ഡെലിവറി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>യുവജനങ്ങളുടെ നേതൃത്വപരമായ കഴിവുകൾ വളർത്തിയെടുക്കാനും ജില്ലാഭരണകൂടത്തിന് യുവ വിദ്യാർത്ഥികളുടെയും പ്രൊഫഷണലുകളുടെയും കഴിവുകൾ പ്രയോജനപ്പെടുത്താനും ലക്ഷ്യമിട്ടുകൊണ്ട് കായിക യുവജന കാര്യാലയം ചീഫ് മിനിസ്റ്റേഴ്സ് യങ് കേരള ഇന്റേൺഷിപ്പ് എന്ന പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന യുവജന കമ്മീഷന്റെ പദ്ധതികൾ ചുവടെ ചേർക്കുന്നു : |

| | | | |
|---|---|---|---|
| | | | 1. മദ്യം - മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്ക് പ്രാധിനിധ്യമുള്ള മേഖലകളിലും കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.<br><br>2. സെമിനാറുകൾ, സിമ്പോസിയം, വർക്ക്ഷോപ്പ് സംഘടിപ്പിക്കുക.<br><br>3. ദേശീയ യുവജന ദിനത്തിന്റെ ഭാഗമായി ഇന്റർ യൂണിവേഴ്സിറ്റി പ്രസംഗ മത്സരവും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക.<br><br>4. യുവജനങ്ങൾക്കുള്ള സൗജന്യ നിയമ സഹായം നൽകുക.<br><br>5. <u>യൂത്ത് ഫെസിലിറ്റേഷൻ പ്രോഗ്രാം</u><br><br>a).ഗ്രീൻ യൂത്ത് പദ്ധതിയിലൂടെ തരിശുഭൂമി കണ്ടെത്തി കൃഷി നടത്തുക, മാലിന്യനിർമാർജ്ജനം , പരിസ്ഥിതി പ്രവർത്തനങ്ങൾ.<br><br>b) യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രോഗ്രാം<br><br>6. പരാതികൾ പരിഹരിക്കുന്നതിനായി അദാലത്ത്, ലോക്കൽ ലെവൽ സിറ്റിംഗ്സ്<br><br>7. യൂത്ത് ഐക്കൺ അവാർഡ് പദ്ധതി<br><br>8. പാർശ്വവൽക്കൃത യുവജനങ്ങളുടെ ശാക്തീകരണം / ആരോഗ്യപരിപാലനം<br><br>9. സ്ത്രീധനത്തിനെതിരെ ബോധവൽക്കരണ ക്യാമ്പയിൻ, നിയമ സഹായം, കൗൺസിലിംഗ്<br><br>10. യുവാക്കൾക്കുള്ള ബോധവത്ക്കരണ ജാഥ.<br><br>കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും പ്രത്യേകിച്ച് യുവാക്കൾക്ക് കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനായി കായികക്ഷമതാ പദ്ധതി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | പുതിയ എന്തെല്ലാം പദ്ധതികളാണ് യുവജനക്ഷേമ ബോർഡിന് കീഴിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | 2023-24 സാമ്പത്തിക വർഷം ബോർഡ് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളായ ഇന്റർനാഷണൽ യൂത്ത് ഫിലിം ഫെസ്റ്റിവൽ, ഹൈവേ വോളന്റിയർ & ബൈക്ക് ആംബുലൻസ്, |

| | | | |
|---|---|---|---|
| | | | തീരദേശ കായികോത്സവം, പെർഫോർമൻസ് സിറ്റി, പാലിയേറ്റീവ് കെയർ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1175** **06-02-2023 - ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനക്ഷേമം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവജനക്ഷേമം ലക്ഷ്യമാക്കി കേരളോത്സവം, ടീം കേരള (വോളന്ററി ആക്ഷൻ ഫോഴ്സ്), അഡ്വഞ്ചർ ആക്ടിവിറ്റീസ്(ട്രക്കിംഗ്, സാഹസിക ക്യാമ്പ്, സാഹസിക കാർണിവൽ, അമ്പെയ്ത്ത് പരിശീലനം, ബീച്ച് ഫെസ്റ്റ്), യുവമാധ്യമ പ്രവർത്തക ക്യാമ്പ്, യുവസാഹിത്യ ക്യാമ്പ്, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, അവളിടം യൂത്ത് ക്ലബ്ബ് - യുവാക്ലബ്ബ് (ധനസഹായ വിതരണം), കതിർ കാർഷിക ക്ലബ്ബ്, ഫ്ലാറ്റ് ക്ലബ്ബ്, ട്രൈബൽ സ്പോർട്സ് ക്ലബ്ബ്, വിവാഹ കൗൺസിലിംഗ് ക്ലാസ്സുകൾ, ലഹരിവിരുദ്ധ ക്യാമ്പയിൻ, ഫിഫ വേൾഡ് കപ്പ് - ബിഗ് സ്ക്രീൻ പ്രദർശനം, മത്സര പരീക്ഷാ പരിശീലനം, മണിനാദം (നാടൻ പാട്ട് മത്സരം), കായിക വികസന പ്രവർത്തനങ്ങൾ (സെവൻസ് ഫുട്ബോൾ, കബഡി, വോളിബോൾ മത്സരങ്ങൾ), ട്രാൻസ്ജൻഡേഴ്സ് ശാക്തീകരണം, ഷോർട്ട് ഫിലിം ഡോക്യുമെന്ററി ഫെസ്റ്റിവൽ, ശാസ്ത്ര ക്വിസ്, മാരിവില്ല് ഫെസ്റ്റ് (ട്രാൻസ്ജെൻഡേഴ്സ് ഫെസ്റ്റ്), ട്രൈബൽ സ്പോർട്സ് മത്സരങ്ങൾ , ഓൺലൈൻ ഡെലിവറി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>യുവജനങ്ങളുടെ നേതൃത്വപരമായ കഴിവുകൾ വളർത്തിയെടുക്കാനും ജില്ലാഭരണകൂടത്തിന് യുവ വിദ്യാർത്ഥികളുടെയും പ്രൊഫഷണലുകളുടെയും കഴിവുകൾ പ്രയോജനപ്പെടുത്താനും ലക്ഷ്യമിട്ടുകൊണ്ട് കായിക യുവജന കാര്യാലയം ചീഫ് മിനിസ്റ്റേഴ്സ് യങ് കേരള ഇന്റേൺഷിപ്പ് എന്ന പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന യുവജന കമ്മീഷന്റെ പദ്ധതികൾ ചുവടെ ചേർക്കുന്നു : |

| | | | |
|---|---|---|---|
| | | | 1. മദ്യം - മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്ക് പ്രാധിനിധ്യമുള്ള മേഖലകളിലും കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.<br><br>2. സെമിനാറുകൾ, സിമ്പോസിയം, വർക്ക്ഷോപ്പ് സംഘടിപ്പിക്കുക.<br><br>3. ദേശീയ യുവജന ദിനത്തിന്റെ ഭാഗമായി ഇന്റർ യൂണിവേഴ്സിറ്റി പ്രസംഗ മത്സരവും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക.<br><br>4. യുവജനങ്ങൾക്കുള്ള സൗജന്യ നിയമ സഹായം നൽകുക.<br><br>5. <u>യൂത്ത് ഫെസിലിറ്റേഷൻ പ്രോഗ്രാം</u><br><br>a).ഗ്രീൻ യൂത്ത് പദ്ധതിയിലൂടെ തരിശുഭൂമി കണ്ടെത്തി കൃഷി നടത്തുക, മാലിന്യനിർമാർജ്ജനം , പരിസ്ഥിതി പ്രവർത്തനങ്ങൾ.<br><br>b) യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വെർചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രോഗ്രാം<br><br>6. പരാതികൾ പരിഹരിക്കുന്നതിനായി അദാലത്ത്, ലോക്കൽ ലെവൽ സിറ്റിംഗ്സ്<br><br>7. യൂത്ത് ഐക്കൺ അവാർഡ് പദ്ധതി<br><br>8. പാർശ്വവൽക്കൃത യുവജനങ്ങളുടെ ശാക്തീകരണം / ആരോഗ്യപരിപാലനം<br><br>9. സ്ത്രീധനത്തിനെതിരെ ബോധവൽക്കരണ ക്യാമ്പയിൻ, നിയമ സഹായം, കൗൺസിലിംഗ്<br><br>10. യുവാക്കൾക്കുള്ള ബോധവത്ക്കരണ ജാഥ.<br><br>കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും പ്രത്യേകിച്ച് യുവാക്കൾക്ക് കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനായി കായികക്ഷമതാ പദ്ധതി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | പുതിയ എന്തെല്ലാം പദ്ധതികളാണ് യുവജനക്ഷേമ ബോർഡിന് കീഴിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | 2023-24 സാമ്പത്തിക വർഷം ബോർഡ് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളായ ഇന്റർനാഷണൽ യൂത്ത് ഫിലിം ഫെസ്റ്റിവൽ, ഹൈവേ വോളന്റിയർ & ബൈക്ക് ആംബുലൻസ്, |

| | | | |
|---|---|---|---|
| | | | തീരദേശ കായികോത്സവം, പെർഫോർമൻസ് സിറ്റി, പാലിയേറ്റീവ് കെയർ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ